# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1623 11.08.17 ൽ മറുപടിയ്ക്ക്

### വാഹനങ്ങളിൽ വേഗപ്പൂട്ട്

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എന്നുമുതലാണ് വേഗപ്പൂട്ട് നിർബന്ധമാക്കി ഉത്തരവിറങ്ങിയത്, വ്യക്തമാക്കുമോ; | (എ) | സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 30.06.2005 മുതൽ ഘട്ടം ഘട്ടമായി സംസ്ഥാനത്ത് വേഗപ്പൂട്ട് നിർബന്ധമാക്കി ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം വാഹനങ്ങളിലാണ് വേഗപ്പൂട്ട് ഘടിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നത്; | (ബി) | ഇരുചക്ര വാഹനങ്ങൾ, മുച്ചക്ര വാഹനങ്ങൾ, ക്വാഡ്രി സൈക്കിൾ, സ്വകാര്യ കാറുകൾ, ആംബുലൻസ്, ഫയർ ടെൻഡേഴ്സ്, പോലീസ് വാഹനങ്ങൾ എന്നിവയും മോട്ടോർ വാഹന ചട്ടം 126 പ്രകാരമുള്ള ടെസ്റ്റിംഗ് ഏജൻസികൾ വാഹനത്തിന്റെ വേഗം മണിക്കൂറിൽ 80 കിലോമീറ്ററിൽ അധികം കൈവരിക്കാൻ സാധിക്കില്ല എന്ന് സർട്ടിഫൈ ചെയ്തിട്ടുള്ളവ ഒഴികെ, മറ്റ് വാഹനങ്ങൾക്കെല്ലാം വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) | വേഗപ്പൂട്ട് പരിശോധന കൃത്യമായ ഇടവേളകളിൽ അല്ലെങ്കിൽ പ്രത്യേകമായി നടത്താറുണ്ടോ; വിശദാംശം നൽകുമോ; | (സി) | വേഗപ്പൂട്ട് പരിശോധന വാഹനത്തിന്റെ ഫിറ്റ്നസ് പരിശോധനാ വേളയിലും അല്ലെങ്കിൽ പ്രത്യേകമായും നടത്താറുണ്ട്. വാഹന പരിശോധനാ സമയങ്ങളിലും വാഹനം സി.എഫ്.ടെസ്റ്റിന് ഹാജരാക്കുമ്പോഴും വേഗപ്പൂട്ട് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താറുണ്ട്. |
| (ഡി) | എങ്കിൽ 2016 ജൂലൈ മുതൽ 2017 ജൂലൈ 31 വരെയായി വേഗപ്പൂട്ട് ഘടിപ്പിക്കാതെ പോയതിന്റെ പേരിൽ/വേഗപ്പൂട്ട് അഴിച്ച് വെച്ച് സർവ്വീസ് നടത്തിയതിന്റെ പേരിൽ എത്ര വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; എന്ത് നടപടിയാണ് സ്വീകരിച്ചത്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (ഡി) | 2016 ജൂലൈ മുതൽ 2017 ജൂലൈ 31 വരെ വേഗപ്പൂട്ട് ഘടിപ്പിക്കാത്തതിന്റെ പേരിൽ/ അഴിച്ച് വെച്ച് സർവ്വീസ് നടത്തിയതിന്റെ പേരിൽ 4704 വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 677 |
| 2 | കൊല്ലം | 164 |
| 3 | പത്തനംതിട്ട | 89 |

| | | |
|---|---|---|
| 4 | ആലപ്പുഴ | 295 |
| 5 | കോട്ടയം | 509 |
| 6 | ഇടുക്കി | 161 |
| 7 | എറണാകുളം | 167 |
| 8 | തൃശ്ശൂർ | 539 |
| 9 | പാലക്കാട് | 492 |
| 10 | മലപ്പുറം | 678 |
| 11 | വയനാട് | 120 |
| 12 | കോഴിക്കോട് | 346 |
| 13 | കണ്ണൂർ | 284 |
| 14 | കാസർഗോഡ് | 183 |
| ആകെ | | 4704 |

| | | | |
|---|---|---|---|
| (ഇ) | വേഗപ്പൂട്ട് സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ കാരണം എന്തായിരുന്നു; ഇത് നടപ്പിലാക്കിയത് മൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഇ) | അമിതവേഗത അപകടത്തിന് പ്രധാന കാരണമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ബഹു.സുപ്രീം കോടതിയുടെയും ബഹു.ഹൈക്കോടതിയുടേയും വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെയും, സംസ്ഥാന സർക്കാരിന്റെയും കാലാകാലങ്ങളിലുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വാഹനങ്ങളിൽ വേഗപ്പൂട്ട് നിർബന്ധമാക്കിയത്. ഇതുമൂലം വാഹനങ്ങളുടെ അമിത വേഗതയും അതുമൂലമുണ്ടാകുന്ന അപകടങ്ങളും ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**